ന്നതിനു ശേഷം ആരംഭിച്ചിട്ടുള്ളതാണ്. അതിന്റെ ഉദ്ദേശം തന്നെ അവരിലും ലൌകീകവിഷയങ്ങൾ അഭ്യസിപ്പിയ്ക്കുന്നതിനായിട്ടാകുന്നു. അതായതു് അവക്കു താമസിയ്ക്കുവാനായിട്ടുള്ള സ്ഥലം ഗവണ്മെൻറിൽ നിന്നും കൊടുക്കുക, ഭജനമഠങ്ങൾ ഉണ്ടാക്കി കൊടുക്കുക, അവക്കു എറണാകുളത്തു ഒരു സ്കൂൾ ഉണ്ടാക്കി കൊടുക്കുക ഇതാണ് ഇന്നു ഗവണ്മെൻറിൽ നിന്നും ചെയ്തിട്ടുള്ളതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—അതു് അധഃകൃതസമുദായത്തിന്റെ സംഘടനയുണ്ടാക്കുവാൻ വേണ്ടിയാണോ ചെയ്തിട്ടുള്ളതു്? അങ്ങിനയോണെങ്കിൽ അതൊരു സംഘടനയെന്നുള്ള രീതിയിൽ ആയിട്ടില്ല. ആ രീതിയിലാക്കുവാൻ വല്ല വിരോധവുമുണ്ടോ?

മിസ്റ്റർ ഐ എൻ. മേനോൻ.—ഇപ്പോൾ ചില്ലറയായിട്ടേ നടത്തിവരുന്നുള്ളു. ഒന്നായിട്ടു് ഒരു സംഘടന ഇതുവരെ ചെയ്തിട്ടില്ല.

Concession—Depressed Class students.

421. മിസ്റ്റർ കെ. പി. വള്ളോൻ.—(എ) അധഃകൃത വിദ്യാർത്ഥികൾക്കു ഗവണ്മെൻറിൽനിന്നു കൊല്ലത്തിൽ ഏ വസ്തുക്കൾ കൊടുക്കുന്നതു മുന്നാക്കിത്തീർക്കുവാൻ വിരോധമുണ്ടോ;

(ഏ) ടി വിദ്യാർത്ഥികൾക്കു് ഉച്ചയ്ക്കു് ഭക്ഷണത്തിനും മറ്റുമായി കൊടുക്കുന്ന പണം മുഴുവൻ കിട്ടായ്കയാൽ ഈ കാര്യത്തിൽ ഗവണ്മെൻറിന്റെ ശ്രദ്ധ പതിയാതിരിക്കുന്നതെന്തുകൊണ്ടു്?

മിസ്റ്റർ ഐ. എൻ. മേനോൻ.—(എ) ഇതിനെ സംബന്ധിച്ചു ആലോചിക്കുന്നതാണ്.

(ഏ) ഈ സംഗതിയിൽ ഉണ്ടാകുന്ന ആക്ഷേപങ്ങൾക്കു വേണ്ട നടപടികൾ നടത്തുന്നുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.— ഈ അധഃകൃത വിദ്യാർത്ഥികൾക്കു് ഉച്ചഭക്ഷണത്തിനു കൊടുക്കുന്ന സംഖ്യകൾ ശരിയായി കിട്ടിവരുന്നില്ലെന്നു ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്. അതിനെ കുറിച്ചു് ഗവണ്മെൻറിൽ നിന്നും എന്തു നടപടി നടത്തിയെന്നു പറഞ്ഞുകേട്ടാൽ കൊള്ളാം.

മിസ്റ്റർ ഐ. എൻ. മേനോൻ.—സാധാരണയായിട്ടു് ഈ വക കാര്യങ്ങൾ ഗവണ്മെൻറിന്റെ മുമ്പാകെ വന്നാൽ അതിനെയെല്ലാം സ്വീകരിച്ചു് അനുഗ്രഹിയ്ക്കുവാൻ ശക്തിയില്ല. അപ്രകാരം ചെയ്യുന്നവരെ നിഗ്രഹിയ്ക്കുവാനേ തരമുള്ള. ഒന്നുരണ്ടു തവണ ഇങ്ങിനെ ചെയ്തവരെ പ്രത്യേകം ശിക്ഷിച്ചിട്ടുണ്ടു്. എന്നാൽ ശിക്ഷയ്ക്കു ശേഷവും, ഇപ്പോൾ തന്നെയും അങ്ങിനെ നടക്കുന്നില്ലെന്നു പറയുവാൻ ഞാൻ തയ്യാറില്ല. എപ്പോഴെങ്കിലും ഈ വക അധർമ്മങ്ങൾക്കു കാരണക്കാരാകരുതെന്നു് പ്രത്യേകം ഘോഷിച്ചിട്ടുണ്ടു്. അതിനു ശേഷം അവർ ഈ മാതിരി പരാതികൾക്കിടവരുന്ന അധർമ്മങ്ങൾ വരുത്തിവയ്ക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. വള്ളോൻ.—സാധുക്കളായ അധഃകൃതവർഗ്ഗക്കാക്കു് ഉച്ചഭക്ഷണം ഭക്ഷണമായിട്ടു കൊടുത്തുകൊണ്ടിരുന്നതു് ഇപ്പോൾ സംഖ്യയായിട്ടു് കൊടുക്കുന്നുണ്ടു്. അതു മൂന്നു നാലു മാസം കൂടുമ്പോൾ ഒരു ദിവസം മാത്രമേ കൊടുത്തുകാണുന്നുള്ളു. അതു പാടെ മാറ്റിയിട്ടു് മാസാമാസം കൊടുക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ ഐ. എൻ. മേനോൻ.—അതു വേണ്ടപോലെ ചെയ്യുന്നതിനു് അധഃകൃതരുടെ സംരക്ഷകനോടു പറഞ്ഞു ശരിപ്പെടുത്താം.

Stipend—Depressed Class-girls.

422. മിസ്റ്റർ കെ. പി. വള്ളോൻ.—എറണാകുളം അഞ്ചലാശേരണത്തിൽ പഠിയ്ക്കുന്ന അധഃകൃതവിദ്യാർത്ഥികൾക്കു് സ്റ്റൈപ്പൻഡായി കൊടുത്തുവരുന്ന മൂന്നുറുപ്പിക, അഞ്ഞൂറുപ്പിക ആക്കിത്തീർക്കുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറു് ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടു്?

മിസ്റ്റർ ഐ. എൻ. മേനോൻ—ഇല്ല. അതിനുള്ള ആവശ്യം നേരിട്ടിട്ടില്ല.

Work—Depressed Classes.

423 മിസ്റ്റർ കെ. പി. വള്ളോൻ.—ഈ രാജ്യത്തെ തൊഴിലാളികൾ അധികവും അധഃകൃതരാകയാൽ തോട്ടവെട്ടു്, മൺപണി, മുതലായ കണ്ടാക്ടു് അധഃകൃതർക്കു കൊടുക്കാതിരിയ്ക്കുന്നതിനു് കാരണമെന്തു്?

മിസ്റ്റർ ഐ. എൻ. മേനോൻ.—അധഃകൃതർ തോട്ടവെട്ടു്, മൺപണി മുതലായവയ്ക്കു തന്നെയല്ലാ മറ്റെന്തു പണികൾക്കും ശരിയായ ടർഘാസ്സു് കൊടുക്കുന്നതായാൽ അവരുടെ ടർഘാസ്സുകൾ മറ്റുള്ള ജാതിക്കാരുടേതുപോലെ തന്നെ യാതൊരു വ്യത്യാസവും കൂടാതെ നോക്കുന്നതാണു്. അധഃകൃതസംരക്ഷണ ഡിപ്പാർട്ട്മെൻറിൽ ഉണ്ടാകുന്ന ഇത്തരം പണികൾ നിവൃത്തിയുള്ളിടത്തോളം അധഃകൃതരെ തന്നെ ഏല്പിക്കുന്നതിനു് ഉത്തരവും അയച്ചിട്ടുണ്ടു്.

Paths in the Mulavukad, etc., villages.

424. മിസ്റ്റർ കെ. പി. വള്ളോൻ.—കണയന്നൂർ താലൂക്കിൽപ്പെട്ട മുളവുകാടു്, പനമ്പുകാടു്, നെടുങ്ങാടു് എന്നീ സ്ഥലങ്ങളിലുള്ള ഗവൺമെൻറു വഴികൾ ഗതാഗത സൌകര്യാർത്ഥം കല്ലിട്ടു തല്ലിനന്നാക്കാത്തതു് എന്തുകൊണ്ടാകുന്നു?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—വണ്ടികൾ ഉപയോഗിയ്ക്കുന്ന വഴികൾ മാത്രമേ കല്ലിട്ടു ടാറിട്ടാവശ്യമുള്ളു. പനമ്പുകാടു്, മുളവുകാടു്, എന്നു പറഞ്ഞ സ്ഥലങ്ങൾ ചെറിയ ദ്വീപു

LIBRARY ARCHIVES Kerala Legislative Assembly